150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം: സർവ്വകലാശാലയിലെ കൺഡിൻജെൻറ് എക്സ്പെൻഡിച്ചറുകൾക്ക് പ്രൊവിഷണൽ അഡ്വാൻസ് അനുവദിക്കുന്നത് സംബന്ധിച്ച് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4437/AD A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 20.09.2019

---

പരാമർശം:-1. വൈസ് ചാൻസലറുടെ കാര്യാലയത്തിൽ നിന്നുള്ള 19.09.2019 തീയതിയിലെ കുറിപ്പ് നം. വി.സി. 702/02/117/2019.

2. സർവ്വകലാശാല ഉത്തരവ് നം. 3455/AD A1/2019/എം.ജി.യു., തീയതി 23.07.2019.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയിൽ കൺഡിൻജെൻറ് എക്സ്പെൻഡിച്ചറുകൾക്ക് പ്രൊവിഷണൽ അഡ്വാൻസ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട പ്രവർത്തിക്ക്/പർച്ചേസിന് മുൻകൂർ ഭരണാനുമതി തേടേണ്ടതാണ്. എന്നാൽ ഇതിന് വിരുദ്ധമായി സർവ്വകലാശാല എഞ്ചിനീയറുടെ എസ്റ്റിമേറ്റ് സഹിതം ബന്ധപ്പെട്ട പ്രവർത്തിയുടെ/പർച്ചേസിൻറെ അത്യാവശ്യം പരിഗണിക്കാതെ ധാരാളം പ്രവർത്തികൾക്ക് ഭരണാനുമതിയും തുകയും ഒന്നിച്ച് ആവശ്യപ്പെട്ടുകൊണ്ട് ഫയലുകൾ സമർപ്പിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

മേൽ വസ്തുതകളും സർവ്വകലാശാലയിലെ നിലവിലെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച്, ധനദൃഢീകരണ പ്രക്രിയയുടെ ഭാഗമായി ചുവടെ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സൂചന (1) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. കൺഡിൻജെൻറ് എക്സ്പെൻഡിച്ചറുകൾക്ക് പ്രൊവിഷണൽ അഡ്വാൻസിനുവേണ്ടി അപേക്ഷകൾ സമർപ്പിക്കുമ്പോൾ കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 90 -ൽ നിഷ്കർഷിക്കും പ്രകാരം ദൈനംദിന ഓഫീസ് പ്രവർത്തനങ്ങൾക്ക്/അനിവാര്യമായ മറ്റ് അത്യാവശ്യ കാര്യങ്ങൾക്ക്/ പർച്ചേസിന് മാത്രമേ പ്രൊവിഷണൽ അഡ്വാൻസ് അനുവദിക്കുകയുള്ളു. ഇതു പ്രകാരം ലഭിക്കുന്ന അപേക്ഷകൾ രജിസ്ട്രാർ മുഖേന വൈസ് ചാൻസലർക്ക് മുൻകൂർ ഭരണാനുമതിക്കായി സമർപ്പിക്കേണ്ടതാണ്.
2. ഭരണാനുമതി തേടിയ ശേഷം ബന്ധപ്പെട്ട പ്രവർത്തിയുടെ/പർച്ചേസിൻറെ എസ്റ്റിമേറ്റ് സർവ്വകലാശാല എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കി, സൂചന (2) പ്രകാരമുള്ള ഉത്തരവിൽ അധികാരപ്പെടുത്തിയതിൻ പ്രകാരം ധനവിഭാഗത്തിൻറെ അനുമതിയോടെ തുക അനുവദിക്കുന്നതിനായി 50,000/- രൂപ വരെ രജിസ്ട്രാർക്കും, 50,000/- രൂപ മുതൽ 1,50,000/- രൂപ വരെ പ്രോ-വൈസ് ചാൻസലർക്കും 1,50,000/- രൂപയ്ക്ക് മുകളിൽ വൈസ് ചാൻസലർക്കും ഫയൽ സമർപ്പിക്കേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #19 of File 26895/AD A1/3/2019/AD A 1 Approved by DEPUTY REGISTRAR I (ADMIN) on 20-Sep-2019 03:06 PM - Page 1

3. ഖണ്ഡിക (1) -ൽ നിഷ്കർഷിക്കും പ്രകാരമല്ലാതെ, നിർമ്മാണ പ്രവർത്തനങ്ങൾക്കും അറ്റകുറ്റപ്പണികൾക്കും സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം ക്വട്ടേഷൻ/ടെൻഡർ/ഇ-ടെൻഡർ ക്ഷണിച്ച് നടത്തേണ്ട പ്രവർത്തികൾക്കും/ പർച്ചേസുകൾക്കും പ്രൊവിഷണൽ അഡ്വാൻസ് അനുവദിക്കുന്നത് ചട്ടവിരുദ്ധമായതിനാൽ അത്തരം പ്രവർത്തികൾക്ക്/പർച്ചേസുകൾക്ക് പ്രൊവിഷണൽ അഡ്വാൻസ് തുടർന്ന് അനുവദിക്കുന്നതല്ല.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ശ്രീരാജ് ആർ

ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യൂ.എ.സി.
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #19 of File 26895/AD A1/3/2019/AD A 1 Approved by DEPUTY REGISTRAR I (ADMIN) on 20-Sep-2019 03:06 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം